# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4186

25/06/2014 - ൽ മറുപടിക്ക്

## ദേശീയ ജലപാതയുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. ബേബി<br>ശ്രീ. പി. കെ. ഗുരുദാസൻ<br>ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. ആർ രാജേഷ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നടത്തിയ ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികളുടെ വിവരം നൽകുമോ; | (എ) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും മേൽ നോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ്. കേന്ദ്ര സർക്കാർ പദ്ധതിയിൽ കേന്ദ്ര സർക്കാർ ഏജൻസിയുടെ മേൽനോട്ടത്തിൽ ചെയ്യ പ്പെടുന്ന പ്രവൃത്തികളുടെ വിവരങ്ങൾ സംസ്ഥാനത്ത് മാറിമാറി വരുന്ന സർക്കാരു കളുടെ ഭരണകാലഘട്ടവുമായി ബന്ധിപ്പിച്ച് രേഖപ്പെടുത്തി വയ്ക്കാറില്ലായെന്നാണ് IWAI കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം മുഖേന അറിയിച്ചിട്ടുണ്ട്. അതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ വിവരങ്ങൾ നൽകുവാൻ നിർവ്വാഹമില്ല. |
| (ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാ നായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്നും എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷി ക്കുന്നതെന്നും അറിയിക്കുമോ; കാലവിളംബ ത്തിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ IWAI വഴി 2014 ഡിസംബറിൽ പണി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.<br><br>ദേശീയ ജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന |

മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശ വാദങ്ങൾ, ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയും, കൊല്ലം - ചവറ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടികൂടിയ പ്രതലം **(Under Water Laterite bed)** മുതലായവയാണ് കാലവിളംബത്തിനുള്ള പ്രധാന കാരണങ്ങൾ.

(സി) പ്രസ്തുത പദ്ധതിക്കായി ലഭിച്ച കേന്ദ്ര സഹായമെത്രയെന്നും സംസ്ഥാനം ചെലവഴിച്ച തുക എത്രയെന്നും അറിയിക്കുമോ?

(സി) ഭൂമി ഏറ്റെടുക്കലിനും ഡ്രെഡ്ജിംഗിനും പാർശ്വഭിത്തി സംരക്ഷണത്തിനും മറ്റുമായി കേന്ദ്രബഡ്ജറ്റിൽ നാളിതുവരെ ആകെ 89.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ പ്രത്യേകമായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ